**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5105** **02-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിൽ വന്യജീവികളെ അകറ്റുന്നതിനായുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികവിളകൾ നശിപ്പിക്കുന്ന വന്യജീവികളെ അകറ്റുന്നതിനായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കാർഷികവിളകൾ നശിപ്പിക്കുന്ന വന്യജീവികളെ അകറ്റുന്നതിനായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. |
| (ബി) | കാർഷിക വിളകൾ വന്യജീവികൾ നശിപ്പിക്കുന്നത് തടയുന്നതിനായി കൃഷിഭൂമിയിൽ കമ്പിവേലി, സോളാർവേലി, കിടങ്ങുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | വിള ആരോഗ്യ പരിപാലന പദ്ധതിയുടെ ഉപ പദ്ധതിയായ വന്യജീവി ആക്രമണം തടയൽ പ്രകാരം സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ വന്യജീവി ആക്രമണം തടയുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വന്യജീവി ആക്രമണം രൂക്ഷമായ ജില്ലകളിൽ നിന്നും ആയത് സംബന്ധിച്ച റിപ്പോർട്ടും സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വന്യജീവി ആക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായ് വിശദമായ പ്രോജക്ട് പ്രൊപ്പോസലുകളും ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആവശ്യമായ തുക അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ